പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1553 **01-07-2026-ൽ മറുപടിയ്ക്ക്**

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജീവ് ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. പി. നൗഷാദ് അലി

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രിതമായി നടപ്പിലാക്കുന്നതിന് ഉന്നതാധികാര സമിതി രൂപീകരിച്ചോ എന്ന് അറിയിക്കുമോ;

മറുപടി: സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രിതമായും ഏകോപിതമായും നടപ്പിലാക്കുന്നതിനായി 19.06.2026 തീയതിയിലെ G.O (Rt) No.2054/2026/H&FWD പ്രകാരം ഉന്നതാധികാര സമിതി ഉൾപ്പെടെ വിവിധ തലങ്ങളിലുള്ള സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാന ഉന്നതാധികാര സമിതിയുടെ പ്രധാന ചുമതലകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക എപിഡെമിക് കലണ്ടർ തയ്യാറാക്കുക.

2. രോഗവ്യാപന പഠനവും നിരീക്ഷണവും (Surveillance & Study): രോഗങ്ങൾ പടരുന്ന രീതിയെക്കുറിച്ച് (Disease Spread) ശാസ്ത്രീയമായ പഠനങ്ങൾ നടത്തുക. പകർച്ചവ്യാധികൾ നേരത്തെ തിരിച്ചറിയുന്നതിനായി ജാഗ്രതാ-നിരീക്ഷണ സംവിധാനങ്ങൾ (Early warning and surveillance mechanisms) ശക്തമാക്കുക.

3. പകർച്ചവ്യാധികൾക്കായുള്ള ചികിത്സാ മാനദണ്ഡങ്ങൾ (Standard Treatment Protocols) പുതുക്കലും, ആവശ്യമായ സമയങ്ങളിൽ പുതിയ ചികിത്സാ മാനദണ്ഡങ്ങൾ ആവിഷ്കരിക്കലും.

4. ക്വാറന്റൈൻ മാനദണ്ഡങ്ങൾ (Protocols) പുതുക്കൽ.

5.ആരോഗ്യ സംവിധാനങ്ങളുടെ സജ്ജീകരണം (Capacity Building): ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും പകർച്ചവ്യാധികളെ നേരിടാൻ അവയെ സജ്ജമാക്കുകയും ചെയ്യുക.

6. ഏകോപിതമായ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

(ബി) പ്രസ്തുത സമിതിയുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രസ്തുത സമിതിയുടെ മേൽനോട്ടത്തിൽ എപ്പിഡമിക് കലണ്ടർ തയ്യാറാക്കുമോ;സംസ്ഥാന ജില്ലാതലങ്ങളിൽ ഔട്ട് ബ്രേക്ക് മോണിറ്ററിംഗ് യൂണിറ്റും ആക്ഷൻ കമ്മിറ്റികളും രൂപീകരിക്കുമോ;വ്യക്തമാക്കുമോ?

മറുപടി: സ്റ്റേറ്റ് ഹൈ പവർ സ്റ്റിയറിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഒരു വാർഷിക എപിഡെമിക് കലണ്ടർ തയ്യാറാക്കുന്നതാണ്. ഓരോ സീസണിലും വരാൻ സാധ്യതയുള്ള പകർച്ചവ്യാധികളെ മുൻകൂട്ടിക്കണ്ട്, പ്രതിരോധ പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യാൻ ഇത് സഹായിക്കും.

സ്റ്റേറ്റ് ഹൈ പവർ സ്റ്റിയറിംഗ് കമ്മിറ്റിയോടൊപ്പം സംസ്ഥാനതല വിദഗ്ധോപദേശ സമിതി, ജില്ലാതല സ്റ്റിയറിംഗ് കമ്മിറ്റി, സ്ഥാപനതല സ്റ്റിയറിംഗ് കമ്മിറ്റി എന്നിവയും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ